ഗൾഫ് മാധ്യമം ചഷ്

1001 വിസ്മയങ്ങൾ

മുസ്‌ലിം നാഗരിക യുഗത്തിൽ ജീവിച്ചിരുന്ന, വ്യത്യസ്ത സംസ്കാരങ്ങളെയും വിശ്വാസ സംഹിതകളെയും പ്രതിനിധീകരിക്കുന്ന വനിതകളുടെയും പുരുഷൻമാരുടെയും അമൂല്യമായ ശാസ്ത്ര, സാങ്കേതിക നേട്ടങ്ങൾ ലോകത്തിന് പരിചയപ്പെടുത്താൻ ബ്രിട്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രദർശന സംരംഭമാണ് '1001 ഇൻവെൻഷൻസ്'. രാജ്യാന്തര പര്യടനത്തിന്റെ ഭാഗമായാണ് പ്രദർശനം ഒക്ടോബർ പകുതിയോടെ ദോഹയിലെത്തിയത്.

പി.പി കബീർ

ചരിത്രത്തിന്റെ ചില ഏടുകൾ ഇരുളടഞ്ഞതാണ്. കാത്തു നിൽക്കാതെ കടന്നുപോകുന്ന കാലം അത്തരം ഏടുകളെ ബോധപൂർവ്വം മറക്കാനും മറയ്ക്കാനും ശ്രമിക്കുമ്പോൾ ആ ഇരുട്ടിന് കട്ടിയേറുന്നു. വെളിച്ചം കാത്ത് കിടക്കുന്ന ഈ ഏടുകൾ ചിലതെങ്കിലും ലോകത്തെ വിസ്മയിപ്പിക്കുന്ന വിജ്ഞാനത്തിന്റെ ചെപ്പുകളാകാം. കാലത്തെ പുതുക്കിപ്പണിത പല കണ്ടെത്തലുകളുടെയും വേരുകൾ ആധുനിക ലോകത്തിന് അന്യമാണ്. വിരൽത്തുമ്പിൽ വിപ്ലവം വിരിയിക്കുന്ന ആധുനികശാസ്ത്രത്തിന് നൂറ്റാണ്ടുകൾക്ക് മുമ്പ് വിത്തും വളവുമേകിയ നൂറുകണക്കിന് പ്രതിഭകൾ ചരിത്രപുസ്തകങ്ങളുടെ പുറമ്പോക്കിൽ നിൽക്കുന്നു. അവരെ പുതിയ കാലത്തിന്റെ വെളിച്ചത്തിലേക്ക് കൈപിടിച്ച് നിർത്തുന്ന അപൂർവ്വ പ്രദർശനത്തിനാണ് ദോഹയുടെ സാംസ്കാരിക കേന്ദ്രമെന്ന് വിശേഷിപ്പിക്കാവുന്ന ഇസ്‌ലാമിക് ആർട്ട് മ്യൂസിയം അടുത്തിടെ വേദിയായത്.

മുസ്‌ലിം നാഗരികത ശാസ്ത്ര ലോകത്തിന് കാഴ്ചവെച്ച കനപ്പെട്ട സംഭാവനകളെ പുതിയ തലമുറക്ക് അടുത്തറിയാൻ അവസരമൊരുക്കുന്നതായിരുന്നു '1001 ഇൻവെൻഷൻസ്' എന്ന പേരിൽ 27 ദിവസം നീണ്ട പ്രദർശനം. മുസ്‌ലിം നാഗരികതയുടെ ഏഴാം നൂറ്റാണ്ട് മുതലുള്ള സുവർണയുഗത്തിന്റെ ആയിരം വർഷങ്ങളുടെ അറിയപ്പെടാത്ത കഥകളിലേക്കാണ് പ്രദർശനം നമ്മെ കൂട്ടിക്കൊണ്ടുപോകുന്നത്. മുസ്‌ലിം ലോകം സാമൂഹിക, ശാസ്ത്ര, സാങ്കേതികരംഗങ്ങളിൽ നൽകിയ സംഭാവനകളെ ചരിത്രത്തിന്റെ പിന്നാമ്പുറങ്ങളിൽ നിന്ന് കണ്ടെടുത്ത് ആധുനികന്റെ കണ്ണുകളെ അമ്പരപ്പിക്കുന്ന പ്രദർശനം മറ്റ് സംസ്കാരങ്ങളുടെ ഭൂതകാലത്തെക്കുറിച്ചുള്ള ആഘോഷപൂർണമായ അന്വേഷണം കൂടിയാണ്. വെളിച്ചത്തിന്റെയും ശബ്ദത്തിന്റെയും അനന്ത സാധ്യതകൾ സമന്വയിപ്പിച്ച പ്രദർശനം എഞ്ചിനീയറിംഗ്, മെഡിസിൻ, ഡിസൈൻ മേഖലകളിലെ ആധുനിക കണ്ടുപിടുത്തങ്ങളുടെ വേരുകൾ മുസ്‌ലിം നാഗരികതയിലാണെന്ന വലിയ സത്യം ലോകത്തോട് വിളിച്ച് പറയുന്നതായിരുന്നു.

മുസ്‌ലിം നാഗരിക യുഗത്തിൽ ജീവിച്ചിരുന്ന, വ്യത്യസ്ത സംസ്കാരങ്ങളെയും വിശ്വാസ സംഹിതകളെയും പ്രതിനിധീകരിക്കുന്ന വനിതകളുടെയും പുരുഷൻമാരുടെയും അമൂല്യമായ ശാസ്ത്ര, സാങ്കേതിക നേട്ടങ്ങൾ ലോകത്തിന് പരിചയപ്പെടുത്താൻ ബ്രിട്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രദർശന സംരംഭമാണ് '1001 ഇൻവെൻഷൻസ്'. രാജ്യാന്തര പര്യടനത്തിന്റെ ഭാഗമായാണ് പ്രദർശനം ഒക്ടോബർ പകുതിയോടെ ദോഹയിലെത്തിയത്. 'ഭാവിയെ പ്രചോദിപ്പിക്കാൻ ഭൂതകാലത്തെ കണ്ടെടുക്കുക' എന്നതാണ് പ്രദർശനത്തിന്റെ മുദ്രാവാക്യം. 2010ൽ ലണ്ടൻ സയൻസ് മ്യൂസിയത്തിൽ പ്രദർശനം നടന്നപ്പോൾ കാണാനെത്തിയത് നാല് ലക്ഷം പേരാണ്. ഇസ്താംബൂളിൽ ഏഴാഴ്ച കൊണ്ട് നാല് ലക്ഷത്തോളം പേർ പ്രദർശനം വീക്ഷിച്ചു. ന്യൂയോർക്ക് സയൻസ് ഹാളിൽ രണ്ടര ലക്ഷം പേരും ലോസ് ഏഞ്ചൽസിലെ കാലിഫോർണിയ സയൻസ് സെൻററിൽ അഞ്ച് ലക്ഷത്തിലധികം പേരും പ്രദർശനം കാണാനെത്തിയതായാണ് കണക്ക്. കഴിഞ്ഞവർഷം അബുദാബി സയൻസ് ഫെസ്റ്റിവലിന്റെ ഭാഗമായി അഞ്ചാഴ്ചത്തെ പ്രദർശനം സംഘടിപ്പിച്ചിരുന്നു. ദോഹയിൽ മൂന്നാഴ്ച നീണ്ട പ്രദർശനം മുക്കാൽ ലക്ഷത്തോളം പേർ വീക്ഷിച്ചു.

2006ൽ സയൻസ്, ടെക്നോളജി, സിവിലൈസേഷൻ ഫൗണ്ടേഷൻ ബ്രിട്ടനിലാണ് പ്രദർശനത്തിന് രൂപം നൽകിയത്. ബ്രിട്ടീഷ് പാർലമെൻറിന്റെ പ്രത്യേക പ്രശംസയും നിരവധി അവാർഡുകളും ഇതിനകം പ്രദർശനത്തിന് ലഭിച്ചിട്ടുണ്ട്. ഇന്നും ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന ആയിരം വർഷം പഴക്കമുള്ള കണ്ടുപിടുത്തങ്ങൾ ഉൾപ്പെടുത്തി 'ഹോം', യാത്രയിലൂടെയും വ്യാപാരബന്ധങ്ങളിലൂടെയും നൂതന ആശയങ്ങൾ എങ്ങനെ പ്രചരിക്കുന്നു എന്ന് വെളിപ്പെടുത്തുന്ന 'മാർക്കറ്റ്', പഠനത്തിന്റെയും ഗ്രന്ഥശാലകളുടെയും ഇന്നലെകളുമായി 'സ്കൂൾ', ആധുനിക വൈദ്യശാസ്ത്രത്തിന് പൗരാണികതയുടെ സംഭാവനകൾ എടുത്തുകാട്ടുന്ന 'ഹോസ്പിറ്റൽ', വാസ്തുശിൽപരംഗത്ത് കിഴക്കിന്റെയും പടിഞ്ഞാറിന്റെയും സംഭാവനകളുമായി 'ടൗൺ', ആയിരം വർഷങ്ങളിലേക്ക് വെളിച്ചം വീശി 'വേൾഡ്', ഗോളശാസ്ത്രജ്ഞരുടെ കാഴ്ചകളിലേക്ക് വാതിൽ തുറന്ന് 'യൂനിവേഴ്സ്' എന്നീ ഏഴ് മേഖലകളിലായാണ് പ്രദർശനം സംഘടിപ്പിച്ചിരുന്നത്.

● പ്രദർശനത്തിലെ കാഴ്ചകൾ

മുസ്‌ലിം നാഗരികതയുടെ ശാസ്ത്ര പൈതൃകത്തെക്കുറിച്ച് 13 മിനിറ്റ് നീളുന്ന ഹ്രസ്വ ചിത്രത്തോടെയാണ് പ്രദർശനത്തിന്റെ തുടക്കം. '1001 ഇൻവെൻഷൻസ് ആൻറ് ദി ലൈബ്രറി ഓഫ് സീക്രട്ട്സ്' എന്ന പേരിലുള്ള ഹ്രസ്വചിത്രത്തിലെ പ്രധാന വേഷം ചെയ്തിരിക്കുന്നത് ഓസ്കാർ അവാർഡ് ജേതാവായ 'അഭ്രപാളിയിലെ ഗാന്ധി' സർ ബെൻ കിങ്സ്‌ലിയാണ്. മികച്ച ചിത്രം, സംവിധാനം, ഛായാഗ്രഹണം, രചന എന്നീ ഇനങ്ങളിലായി 20 രാജ്യാന്തര അവാർഡുകൾ നേടിയ ഈ ഹ്രസ്വചിത്രം ഇതിനകം രണ്ടേകാൽ കോടിയോളം പ്രേക്ഷകർ കണ്ടുകഴിഞ്ഞതായാണ് കണക്ക്. മുസ്‌ലിം നാഗരികതയുടെ ചരിത്രത്തിലെ പ്രതിഭാധനരായ ചില ശാസ്ത്രജ്ഞരുടെയും എഞ്ചിനീയർമാരുടെയും വിസ്മയിപ്പിക്കുന്ന കണ്ടെത്തലുകൾ ഒരു സംഘം സ്കൂൾ വിദ്യാർഥികൾക്ക് പരിചയപ്പെടുത്തുന്ന ലൈബ്രേറിയനായാണ് കിങ്സ്‌ലി ചിത്രത്തിൽ വേഷമിട്ടിരിക്കുന്നത്. 12ാം നൂറ്റാണ്ടിലെ എഞ്ചിനീയറിങ് പ്രതിഭ അൽ ജാസരിയുടെ വേഷത്തിലും കിങ്സ്‌ലി പ്രത്യക്ഷപ്പെടുന്നുണ്ട്.

അൽജസരി രൂപകൽപന ചെയ്ത എലഫൻറ് ക്ലോക്കിന്റെ പുനഃരാവിഷ്കാരം, ഇബ്നു അൽ ഹൈതാം ആധുനിക ക്യാമറയുടെ സാങ്കേതികവിദ്യക്ക് അടിസ്ഥാനമിട്ട് കണ്ടെത്തിയ ഒബ്സ്ക്യൂറ പ്രതിഭാസം, വെള്ളമുപയോഗിച്ച് പ്രവർത്തിപ്പിക്കാവുന്ന സ്ക്രൈബ് ക്ലോക്ക്, ടോയ്ലറ്റ് സോപ്പിൻറെയും ടൂത്ത് ബ്രഷിൻറെയും കണ്ടുപിടുത്തങ്ങൾക്ക് പിന്നിലെ കൗതുകം നിറഞ്ഞ കഥകൾ, പൂജ്യത്തിന്റെ കണ്ടെത്തൽ, ആധുനിക വൈദ്യശാസ്ത്രത്തിന് അനുഗ്രഹമായി മാറിയ ഇബ്നു സിനയുടെ നേട്ടങ്ങൾ, ആയിരം വർഷം മുമ്പ് ഉപയോഗിച്ചിരുന്ന ശസ്ത്രക്രിയ ഉപകരണങ്ങളുടെ വിശേഷങ്ങൾ, ആന്തരിക മുറിവുകൾ തുന്നിച്ചേർത്ത പത്താം നൂറ്റാണ്ടിലെ സർജൻ അൽ സഹ്റാവിയുടെ കൗതുകം നിറഞ്ഞ ശാസ്ത്രലോകം, ലോകത്തിലെ ഏറ്റവും വലിയ മരക്കപ്പലിന്റെ മാതൃക, ഒമ്പതാം നൂറ്റാണ്ടിൽ അബ്ബാസ് ഇബ്നു ഫിർമാസ് മരത്തിൽ തീർത്ത ഗ്ലൈഡറിന്റെ മാതൃക, മഴവില്ലിന്റെ രഹസ്യം ലോകത്തിന് പരിചയപ്പെടുത്തിയ കമാൽ അൽ ദിൻ അൽ ഫൈറിസിന്റെ വർണാഭമായ ജീവിതം എന്നിവക്ക് പുറമെ മുസ്‌ലിം നാഗരിക യുഗത്തിലെ നിരവധി ശാസ്ത്രജ്ഞരുടെ സംഭാവനകൾ ശബ്ദങ്ങളായും കാഴ്ചകളായും അക്ഷരങ്ങളായും വിന്യസിച്ച പ്രദർശനം ദോഹക്ക് പുതിയൊരു ദൃശ്യാനുഭവം തന്നെയാണ് സമ്മാനിച്ചത്.

● എലഫൻറ് ക്ലോക്ക്

● പ്രദർശനത്തിന്റെ ഭാഗമായ ഹ്രസ്വചിത്രത്തിൽ ബെൻ കിങ്സ്‌ലി